LIBRARY ARCHIVES Kerala Legislative Assembly

ജനകീയ പോലീസിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

2(207) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജനകീയ പോലീസ് എവിടെയൊക്കെ നടപ്പാക്കിയെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) പുതിയ ജനകീയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ പദ്ധതി

3(208) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഭ്യന്തരവകുപ്പ്, വിദ്യാഭ്യാസവകുപ്പ് എന്നിവ ചേർന്ന് 'റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ' എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര കാലം കൊണ്ട് ഈ പദ്ധതി എല്ലായിടങ്ങളിലും ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കോഴിക്കോട് സിറ്റി പോലീസ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിൻ, IMHANS, ജുവനൈൽ പോലീസ്.പത്ര മാധ്യമങ്ങൾ, സാമൂഹ്യപ്രതിബദ്ധതയുള്ള മറ്റ് പൗര പ്രമുഖർമാർ എന്നിവരുടെ സഹകരണത്തോടെ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന്, കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവർ, മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടുകൊണ്ടിരിക്കുന്നവർ, സാമൂഹ്യ വിരുദ്ധ പ്രവൃത്തികളിലേക്ക് വഴിതെറ്റി വീണുകൊണ്ടിരിക്കുന്നവർ എന്നിങ്ങനെയുള്ള കുട്ടികളെ നേർവഴിക്ക് നയിക്കുന്നതിനും സാമൂഹ്യ പ്രതിബദ്ധതയുള്ള കഴിവുറ്റ ഉത്തമ പൗരന്മാരാക്കി മാറ്റുന്നതിനുവേണ്ടിയുള്ള പദ്ധതിയാണ് "നമുക്ക് കുട്ടികളോടുള്ള ഉത്തരവാദിത്വം (Our Resposibility to children) ". പദ്ധതിയുടെ പ്രവർത്തനം കഴിഞ്ഞ 4 മാസമായി നടന്നു വരികയാണ്.